# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## www.ksad.kerala.gov.in

## കോരുത്തോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**കോട്ടയം-686001**

**ഇ-മെയിൽ: doktm.ksad@kerala.gov.in**

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.11/489/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 02/04/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോരുത്തോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.ടി.എം.പി.11/489/2022 തീയ്യതി: 02/04/2022

## കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-12-2019 മുതൽ 31-08-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം എൻ രാധാകൃഷ്ണൻ | ഡെപ്യൂട്ടിഡയറക്ടർ(ഹ ഗ്രേ) | 14-02-2022 | 26-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-02-2022 | 26-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

പ്രസാദ് പി ജി , ഓഡിറ്റ്ഓഫീസർ (ഹ ഗ്രേ)
രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
അമ്പിളി എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത് എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| കെ ബി രാജൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| സന്ധ്യ വിനോദ് | പ്രസിഡന്റ് | 20-12-2020 | 31-03-2021 |
| എം എൻ വിജയൻ | സെക്രട്ടറി | 01-04-2020 | 19-06-2020 |
| രജനിമോൾ റ്റി ഡി(ചാർജ്) | സെക്രട്ടറി | 20-06-2020 | 29-07-2020 |
| എം റുബീന | സെക്രട്ടറി | 30-07-2020 | 31-03-2021 |

## <u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രജനിമോൾ റ്റിഡി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| സോനുചന്ദ്രൻ | മെഡിക്കൽ ഓഫീസർ പി എച്ച് സി | 01-04-2020 | 31-03-2021 |
| വേണുഗോപാൽ | കൃഷിഓഫീസർ | 01-04-2020 | 31-03-2021 |
| ആസിയ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ജയന്ത് ഗോവിന്ദ് | വെറ്ററിനറി സർജൻ | 01-04-2020 | 31-10-2020 |
| വിമൽകുമാർ | വെറ്ററിനറി സർജൻ | 01-11-2020 | 31-03-2021 |
| അരുൺ എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ഗീതമോൾ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| വത്സല പി എ | ഹെഡ്മിസ്ട്രസ് | 01-04-2020 | 31-03-2021 |
| സൂസൺ ജോസഫ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| രാജൻകുട്ടി എൻ ജി | വി ഇ ഒ | 01-04-2020 | 31-03-2021 |

12-11-20 മുതൽ 19-12-20 വരെ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലായിരുന്നു.

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 15-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-1 |
| 2 | വാർഷികകകണക്ക് പരിശോധന<br>Written By: Ambily M (Asst. Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ambily M (Asst. Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Prasad P G (Audit Officer, On 20-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-6 |
| 7 | സാമൂഹ്യക്ഷേമപദ്ധതികൾ<br>Written By: Ranjith M (Senior Grade Auditor, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Ranjith M (Senior Grade Auditor, On 21-02-2022)<br>Last Updated By: Ranjith M (Senior Grade Auditor, On 21-02-2022) | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Prasad P G (Audit Officer, On 01-03-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 22-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-10 |
| 11 | പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ച തുകയുടെ വിനിയോഗം<br>Written By: Ambily M (Asst. Audit Officer, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-11 |
| 12 | സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ലഭിക്കുന്നില്ല.<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-12 |
| 13 | പട്ടയ രഹിത ഭൂമിയിൽ കെട്ടിട നിർമ്മാണം പൊതു അപാകതകൾ<br>Written By: Ranjith M (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-13 |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-14 |
| 15 | ഡി.&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.<br>Written By: Ranjith M (Senior Grade Auditor, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-15 |
| 16 | പ്രോ.നം 217/21ബി.പി.എൽ കുടുംബങ്ങൾക്ക് സോളാർ റാന്തൽ വിതരണം- ജി എസ് ടി, ടി.ഡി.എസ് കിഴിവ് | 1-16 |

| | | |
|---|---|---|
| | ചെയ്യാത്തത്.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | |
| 17 | പ്രവൃത്തികളുടെ പൂർത്തീകരണം/തുകകളുടെ വിനിയോഗവിവരം ലഭ്യമായില്ല. 1962193/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-17 |
| 18 | സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം- 8/2020മുതൽ 51ടാപ്പുകൾക്ക് തുക ഒടുക്കുന്നത്.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-18 |
| 19 | വൈദ്യുതി ചാർജ് - സർചാർജ് അടയ്ക്കുന്ന സാഹചര്യം.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-19 |
| 20 | ഔദ്യോഗികവാഹനം-ലോഗ് ബുക്ക് സൂക്ഷിപ്പിൽ അപാകതകൾ.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-20 |
| 21 | ദുരിതാശ്വാസനിധി<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-21 |
| 22 | കോവിഡ് -19 പ്രതിരോധ നടപടികൾ.<br>Written By: Prasad P G (Audit Officer, On 01-03-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-22 |
| 23 | പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.<br>Written By: Ambily M (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-23 |
| 24 | ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-24 |
| 25 | ടോയ് ലറ്റ് നിർമ്മാണം -നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 26-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-25 |
| 26 | നിസാര അപാകതകൾ ചൂണ്ടിക്കാണിച്ച് ടെണ്ടർ നിരസിച്ചു<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-26 |
| 27 | ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 01-03-2022) | 1-27 |
| 28 | കോർപസ് ഫണ്ട് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 1-28 |
| 29 | ഇ-ടെണ്ടർ -ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല<br>Written By: Rajesh M (Asst. Audit Officer, On 25-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 25-02-2022) | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |

--- No Records Found ---

## ഭാഗം 4

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Rajesh M (Asst. Audit Officer, On 21-02-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 21-02-2022)<br>Last Updated By: Anju P Natarajan (Computer Assistant, On 01-04-2022) | 4-11 |

## അനുബന്ധം

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബഡ്ജറ്റ്

2020-21 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 16/02/2021 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | -36351712 | 18733662.33 |
| വരവ് | 180293500 | 58640428 |
| ആകെ | 143941788 | 77374090.23 |
| ചെലവ് | 140495251 | 61657831.00 |
| നീക്കിയിരിപ്പ് | 3446537 | 15716259.23 |

പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും , ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതുണ്ട്. ബഡ്ജറ്റ് നിയന്ത്രണത്തിന്റെ അന്തസത്ത ഉൾക്കൊണ്ട് ബഡ്ജറ്റ് തയ്യാറാക്കുന്നതിന് പകരം നിയമപരമായ ബാധ്യത നിറവേറ്റുന്നതിന് മാത്രമാണ് ശ്രമിച്ചിട്ടുള്ളത് എന്ന് പ്രതീക്ഷിത/യഥാർത്ഥ വരവുചെലവുകളിലെ അന്തരം വ്യക്തമാക്കുന്നു. മുൻവർഷത്തെ യഥാർത്ഥ വരവ് ചെലവ് കണക്കിൽ പ്രാരംഭ ബാക്കി നെഗറ്റീവ് സംഖ്യ ആയതിനാൽ പുതുക്കിയ 2020-21 ബജറ്റിലും പ്രാരംഭ ബാക്കി നെഗറ്റീവ് സംഖ്യ ആയിട്ടുണ്ട്.

### 1-2 വാർഷികകകണക്ക് പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 95293725.00 രൂപയും ചെലവ് 95918671.00 രൂപയും വരുമാനത്തിൽ അധികമായ ചെലവ് 624946.00 രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 71412046.73 രൂപയും ബാധ്യതകളുടെ മൂല്യം 67896947.97 രൂപയും ജനറൽ ഫണ്ട് 3515098.76 രൂപയുമാണ്. 2020-21ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1.31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

2.പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ 340100201 Contractors Security Deposit , 340100301 Contractors Retention എന്നീ ഇനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3.26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

4.412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

5.വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

6.പ്രോജക്ട് നം. 267/21 പ്രകാരം തൻവർഷം കെ എസ് ഇ ബിയിൽ 32333 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നത്. എന്നാൽ B-18 ഷെഡ്യൂളിൽ ഒരു ലക്ഷം രൂപ കെ എസ് ഇ ബിയിൽ ഡെപ്പോസിറ്റ് ചെയ്തിരിക്കുന്നതായി കാണിച്ചിരിക്കുന്നു.

7.പ്രോജക്ട് നം.179/21 പ്രകാരം PWD യിൽ 100000 രൂപ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയത് B-18 ഷെഡ്യൂളിൽ പ്രതിഫലിച്ചിട്ടില്ല.

8.B-18 ഷെഡ്യൂളിൽ 460509901 – Advance To Others രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9.B-18 ഷെഡ്യൂളിൽ 460500501 – Advance To Implimenting Officers രജിസ്റ്റർ പ്രകാരമുള്ള തുക വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

10.B4 ഷെഡ്യൂളിൽ 320700404 എന്ന ശീർഷകത്തിലെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള നീക്കിയിരിപ്പ് ലെഡ്ജറുമായി പൊരുത്തപ്പെടുന്നില്ല.

11.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വാർഷികധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2020-21 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരവും ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 18733662.23 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58640428.00 |
| ആകെ | 77374090.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61657831.00 |
| നീക്കിയിരിപ്പ് | 15716259.23 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1962193 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു. മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം ധനകാര്യ പത്രിക പ്രകാരമുള്ളതും ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ | ചെലവ് % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | | ലാപ്സായ തുക | |
| വികസന ഫണ്ട്-ജനറൽ | 0 | 13128005 | 13128005 | 10633331 | 2494674 | 80.99 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 6619000 | 6619000 | 5443297 | 1175703 | 82.23 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 3312000 | 3312000 | 2960693 | 351307 | 89.39 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 9234878 | 9234878 | 5089891 | 4144987 | 55.11 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied) | 0 | 4720000 | 4720000 | 1586654 | 3133346 | 33.61 |
| മെയിന്റനൻസ് ഗ്രാന്റ്-Road | 0 | 11424000 | 11424000 | 11388095 | 35905 | 99.68 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 0 | 3492000 | 3492000 | 3490315 | 1685 | 99.95 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1033625 | 2415917 | 34495432 | 2528157 | 921385 | |
| ICDS ഫണ്ട് | 1423412 | 701838 | 2125250 | 594581 | 1530669 | |
| ശുചിത്വ മിഷൻ | 41297 | 1386635 | 1427932 | 146719 | 1281213 | |

- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് വരവ് 10716373/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 13128005/- രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്തു2411632/-രൂപ ഉൾപ്പെടെ).
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് (എസ് സി പി)വരവ് 6297039/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച വികസനഫണ്ട് വരവ് 6619000/- രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്തു321961/-രൂപ ഉൾപ്പെടെ).
- ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം മെയിന്റനൻസ് ഫണ്ട് നോൺറോഡ് വരവ് 3456681/- രൂപയാണ്. സർക്കാർ ഉത്തരവുകൾ പ്രകാരം ലഭിച്ച മെയിന്റനൻസ് ഫണ്ട് നോൺറോഡ് 3492000/- രൂപയാണ് (സർക്കാർ നേരിട്ട് കുറവ് ചെയ്തു35319/-രൂപ ഉൾപ്പെടെ).
- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഇനത്തിൽ ലഭിച്ച 13954878/- രൂപയിൽ 6676545/- രൂപ മാത്രമാണ് (47.84%)ചെലവഴിച്ചത്

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യകമ്മീഷൻ അവാർഡ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ്

പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2020-21 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 18.02.2020 ലെ ഉത്തരവ് നം. 80898/2020/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 19-12-2019 |
| വികസനസെമിനാർ | 11-03-2020 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 08-01-2020 മുതൽ 25-01-2020 വരെ |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 27-01-2020 |

2020-21 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 129269969/- രൂപയും ആകെ ചെലവ് 49238834/- രൂപയുമാണ്. ചെലവുശതമാനം 38.08%. അംഗീകാരം ലഭിച്ച 232 പ്രോജക്ടുകളിൽ 182 എണ്ണം നടപ്പാക്കിയിട്ടുണ്ട്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 9 | 1233334 | 1193628 | 96.78 |
| വെറ്ററിനറി സർജൻ | 5 | 5 | 1840600 | 888100 | 48.25 |
| എം.ഒ (പിഎച്ച്സി) | 5 | 4 | 1825000 | 1569445 | 85.99 |
| എം.ഒ (ആയുർവേദം) | 2 | 2 | 620000 | 619466 | 99.91 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 0 | 522000 | 00 | 0 |
| വി ഇ ഒ | 31 | 25 | 70522770 | 11514190 | 16.32 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 356436 | 356436 | 100 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 10 | 6 | 4282200 | 3704672 | 86.51 |
| സെക്രട്ടറി | 51 | 4 | 14831790 | 8295191 | 55.92 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 85 | 63 | 27086287 | 16589607 | 61.24 |
| ഹെഡ്മ് മാസ്റ്റർ | 10 | 7 | 1611370 | 1155316 | 71.69 |
| അസിസ്റ്റന്റ് സെക്രട്ടറി | 20 | 19 | 4538182 | 3352783 | 71.69 |
| ആകെ | 232 | 182 | 129269969 | 49238834 | 38.08 |

**വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.13 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.**

2020-21 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ വേണ്ടത്ര ജാഗ്രത പുലർത്തിയതായി കാണുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 85പ്രോജക്ടുകളിൽ 63എണ്ണം മാത്രമാണ് (ചെലവ് ശതമാനം 61.24%) തൻവർഷം നടപ്പാക്കാൻ സാധിച്ചത് എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ പദ്ധതിപുരോഗതി നിരീക്ഷിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നില്ല എന്ന് വ്യക്തമാക്കുന്നു. വിനിയോഗത്തിൽ വന്ന ജാഗ്രതക്കുറവ് മൂലം തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 2494674 |
| വികസന ഫണ്ട്-എസ്.സി.പി. | 1175703 |
| വികസന ഫണ്ട്- ടി.എസ്.പി. | 351307 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 4144987 |
| ധനകാര്യ കമ്മീഷൻ അവാർഡ് തുക(ടൈഡ് ഗ്രാന്റ് ) | 3133346 |
| മെയിന്റനൻസ് ഗ്രാന്റ്- Road | 35905 |
| മെയിന്റനൻസ് ഗ്രാന്റ്-Non Road | 1685 |
| ആകെ | 11337607 |

1.13 കോടിയിലധികം രൂപ പഞ്ചായത്തിന്റെ ജാഗ്രതക്കുറവ് മൂലം തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തിയിട്ടില്ലായെന്ന് കാണുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2020-21വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2020-21വർഷം സാങ്കേതിക അനുമതി ലഭിച്ച 294പ്രോജക്ടുകളിൽ 228എണ്ണവും തൻവർഷം നടപ്പിലാക്കി. 109947തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1874കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. റോഡ് കോൺക്രീറ്റിംഗ്, കാലിത്തൊഴുത്ത്, ഓടനിർമ്മാണം എന്നിവയാണ് ഏറ്റെടുത്ത പ്രധാന വേലകൾ. MGNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2020-21വർഷത്തെ വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 857625.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 36956566 | 37103068 |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 146502 | |
| ആകെ വരവ് | | | 37960693 |
| ചെലവ് | തൊഴിലാളികളുടെ | 32012785 | |

| | | | |
|---|---|---|---|
| | വേതനം | | |
| | വിദഗ്ധ തൊഴിലാളികളുടെവേതനം, സാധന വില | 4072523 | |
| | ഭരണ ചെലവുകൾ | 954000 | |
| ആകെ ചെലവ് | | | 37039308 |
| നീക്കിയിരിപ്പ് | | | 921385 |

## 1-7 സാമൂഹ്യക്ഷേമപദ്ധതികൾ

2020-21 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 3720 | 5 |
| വാർദ്ധക്യകാലപെൻഷൻ | 1679700 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 336800 | 5 |
| വിധവാപെൻഷൻ | 684400 | 20 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 25200 | റിപ്പോർട്ട് ലഭ്യമല്ല |
| വികലാംഗപെൻഷൻ | 251200 | 9 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് 2020-21ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 15/02/2022-ന് 03:30 PM ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2780/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം പൊതുവെ മെച്ചപ്പെട്ടിരുന്നുവെങ്കിലും ചില അപാകതകൾ ഇനിയും പരിഹരിക്കപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ജോലികൾ കൃത്യമായി നിർവചിക്കുക,അവ ഉത്തരവുകളായി എഴുതി ആധികാരികമാക്കുക, ക്രമക്കേടുകൾക്കിടയാകാത്ത വിധം ഉദ്യോഗസ്ഥരുടെയിടയ്ക്ക് ജോലിവിഭജനം നടത്തുക എന്നിങ്ങനെ കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണം സാധ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായി നിർവചിച്ച അക്കൗണ്ടിംഗ് സംവിധാനമാണ് സ്ഥാപനത്തിൽ ബാധകമാക്കിയിട്ടുള്ളത്. പണസംബന്ധമായും ബാങ്ക് ഇടപാടുകളുമായും ബന്ധപ്പെട്ട് ക്രമക്കേടുണ്ടാകാത്തവിധം നിയന്ത്രണങ്ങൾ ബാധകമാക്കിയിട്ടുണ്ട്. ജീവനക്കാരുടെ ശമ്പളം,സേവനരേഖകൾ,എന്നിവ കൃത്യമായി പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി തിട്ടപ്പെടുത്താനും ഈടാക്കാനും മതിയായ കാര്യക്ഷമത പുലർത്തുന്നില്ലയെന്ന് ഓഡിറ്റിൽ ബോധ്യപ്പെടുകയുണ്ടായി. നിരവധി സ്ഥാപനങ്ങൾ ലൈസൻസില്ലാതെയും തൊഴിൽ നികുതി ഒടുക്കാതെയും പ്രവർത്തിക്കുന്നതായി വ്യക്തമാകുന്നു.

സാധനങ്ങളുടെയും സേവനങ്ങളുടെയും വാങ്ങലിനും, സംഭരണത്തിനും സർക്കാർ ഉത്തരവുകളും നടപടിക്രമങ്ങളും പാലിക്കുന്നതിൽ അപാകത ഉണ്ടായിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പിലും അപാകതകൾ നിലനില്ക്കുന്നു. അടിസ്ഥാന രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ അപാകത വാർഷികകണക്കുകളിലും പ്രതിഫലിക്കുന്നുണ്ട്. വാർഷിക പദ്ധതി പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കുന്നില്ലയെന്നത് ആഭ്യന്തരനിയന്ത്രണത്തിലെ വീഴ്ചയാണ്. വിട്ടുകിട്ടപ്പെട്ട സ്ഥാപനങ്ങളിലെ ഉൾപ്പെടെയുള്ള ജീവനക്കാരുടെയും ഭരണസമിതിയുടെയും ഏകോപനത്തോടെയുള്ള പ്രവർത്തനം ആഭ്യന്തരനിയന്ത്രണ സംവിധാനത്തെ ശക്തിപ്പെടുത്തുന്നതിന് അനിവാര്യമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനഓഡിറ്റ് നടത്തിയതീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13-12-2019 | 11/2019 | A4-681/20 Dt 19-2-/2020 |
| അക്കൗണ്ടന്റ്-ജനറലിന്റെ ഓഡിറ്റ് | 24/12/2016-10/01/2020 | 2014-15 മുതൽ 2019-20വരെ | LBA(HQ)II/8A-114/19-20/504 Dated 6/02/2020 |

## 1-11 പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ച തുകയുടെ വിനിയോഗം

2020-21 ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി വിവിധ സർക്കാർ ഏജൻസികളിൽ നിന്നു ലഭിച്ച തുകയിൽ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ശീർഷകം | തുക | കുറിപ്പുകൾ |
|---|---|---|
| പശ്ചിമഘട്ട വികസനപദ്ധതി | 1,874 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പലിശ മാത്രമാണ് അവശേഷിക്കുന്നത്. പദ്ധതി നിലവിൽ ഇല്ലാത്ത സാഹചര്യത്തിൽ പലിശ തനത്ഫണ്ടിൽ നിക്ഷേപിച്ച് അക്കൗണ്ട് ക്ലോസ് ചെയ്യാവുന്നതാണ്. |
| ലോക്കൽ ഏരിയ ഡെവലപ്പ്മെന്റ് ഗ്രാന്റ് | 95100 | തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല |
| വികസനഫണ്ട്-സ്പെഷ്യൽ ഗ്രാന്റ് | 138372 | ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാരിൽനിന്ന് ലഭിച്ച വിഹിതം- വി.പി.എഫ്.-2 |

| | | |
|---|---|---|
| | | അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ടി തുക ലാപ്സായതായി 2018-19 റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. |
| പട്ടികവർഗ കോർപ്പസ് ഫണ്ട് | 2229241 | പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. |
| ശബരിമല സ്പെഷ്യൽ ഗ്രാന്റ് | 2958603 | തനത്ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു. |
| ബ്ലോക്ക് പഞ്ചായത്ത് (ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ) | 478211 | നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ എ.സി.ആറിൽ ചേർത്തിട്ടില്ല. |
| ബ്ലോക്ക് പഞ്ചായത്ത് (റവന്യൂ എക്സ്പെൻഡിച്ചർ) | 544767 | നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ എ.സി.ആറിൽ ചേർത്തിട്ടില്ല. |
| ജില്ലാ പഞ്ചായത്ത് പ്രത്യേക ഉദ്ദേശ്യത്തിന് ലഭിച്ചത്(റവന്യൂ എക്സ്പെൻഡിച്ചർ) | 570000 | വിശദാംശങ്ങൾ എ.സി.ആറിൽ ചേർത്തിട്ടില്ല. |
| പ്രത്യേക ഉദ്ദേശ്യത്തിന് ലഭിച്ച ജില്ലാ ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 63714 | വിശദാംശങ്ങൾ എ.സി.ആറിൽ ചേർത്തിട്ടില്ല. തുകയുടെ കൃത്യത വ്യക്തമല്ല. |

ഇത് സംബന്ധമായി ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയും കണക്കുകൾ കൃത്യമാക്കിയും , തിരികെ അടവാക്കാനുള്ള തുകകൾ അടവാക്കിയും ബി4 ഷെഡ്യൂൾ പ്രകാരമുള്ള ബാധ്യതാ തുക യഥാർത്ഥ സ്ഥിതി പ്രതിഫലിപ്പിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

**<u>1-12 സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതി ലഭിക്കുന്നില്ല.</u>**

കേരള പഞ്ചായത്ത് രാജ് നിയമം 207- ാം വകുപ്പ് പ്രകാരം നികുതി ഉപനികുതി എന്നിവയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഫോറസ്റ്റ് ഓഫീസ് (വാർഡ് 1/385A), വില്ലേജ് ഓഫീസ് (നികുതി നിർണ്ണയം നടത്തിയിട്ടില്ല) എന്നിവക്ക് നികുതി ഒഴിവാക്കി നല്കിയിട്ടുള്ളതായി കാണുന്നു. തനത് വരുമാനം തീരെ കുറവുള്ള പഞ്ചായത്തിൽ ഇത്തരത്തിൽ അർഹതയില്ലാത്ത സ്ഥാപനങ്ങൾക്ക് നികുതി ഒഴിവാക്കി നല്കിയതിനുള്ള കാരണം ഓഡിറ്റിൽ അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/22.02.2022) മറുപടിയായി ഫോറസ്റ്റ് ഓഫീസ് കെട്ടിടത്തിന് നികുതി നിർണ്ണയിച്ച് ഡിമാന്റ് നോട്ടീസ് ഹാജരാക്കുകയും വില്ലേജ് ഓഫീസിന് നികുതി നിർണ്ണയത്തിന് രേഖകൾ ഹാജരാക്കുന്നതിന് നോട്ടീസ് നല്കുകയും ചെയ്തിട്ടുണ്ട് എന്നറിയിച്ചു.സ്ഥാപനങ്ങളുടെ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**1-13 പട്ടയ രഹിത ഭൂമിയിൽ കെട്ടിട നിർമ്മാണം പൊതു അപാകതകൾ**

പൊതുവേ പിന്നോക്ക പ്രദേശമായ പഞ്ചായത്ത് പരിധിയിലുള്ള മിക്ക വാർഡുകളിലും പട്ടയം നല്കിയിട്ടില്ലാത്ത സ്ഥലങ്ങളിൽ വാസഗൃഹങ്ങൾ നിർമ്മിക്കുകയും യു എ നമ്പർ നല്കി 3 ഇരട്ടി നികുതി ഡിമാന്റ് ചെയ്യുകയും ചെയ്യുന്നുണ്ട്. 2019-20 മുതൽ 2020-21 വരെ ഇത്തരത്തിൽ 30 കെട്ടിടങ്ങൾക്ക് നമ്പർ നല്കിയിട്ടുണ്ട്. അനധികൃതകെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതു വരെയോ കെട്ടിടങ്ങൾ ക്രമീകരിക്കുന്നതു വരെയോ ഇത്തരത്തിൽ നികുതി ഈടാക്കുന്നതിനാണ് വ്യവസ്ഥ ഉള്ളത്. പഞ്ചായത്തിലെ പ്രത്യേക സാഹചര്യം സർക്കാർ ശ്രദ്ധയിൽ പെടുത്തി അനധികൃത കെട്ടിടങ്ങൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (6/22.02.2022) അനധികൃതകെട്ടിടങ്ങൾ പൊളിച്ച് നീക്കുന്നതു വരെ എന്ന നിബന്ധന ഒഴിവാക്കി കെട്ടിട നമ്പർ നല്കുന്നതിന് സർക്കാർ അനുമതി നല്കിയതായി അറിയിച്ചു. ഇത്തരം കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരായതിനാൽ നികുതി കൂടി മറ്റ് കെട്ടിടങ്ങൾക്കൊപ്പം ആക്കുന്നതിന് സർക്കാർ തല നടപടികൾ ഉണ്ടാകുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു.

**1-14 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളുടെ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| അഗ്രിക്കൾക്കച്ചറൽ ഇംപ്രൂവ് മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1, 11 |
| കുഴിമാവ് ടോപ്പ് കെ.വി.സി.എസ് | 11 |
| മലനാട് മിൽക്ക് സൊസൈറ്റി-പള്ളിപ്പടി | 11 |
| മുളമൂട്ടിൽ ഫിനാൻസ്-പനക്കച്ചിറ | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-കുഴിമാവ് | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-കോരുത്തോട് | 1, 11 |
| മുളമൂട്ടിൽ ഫിനാൻസ്-മടുക്ക | 1, 11 |
| സെന്റ് ജോർജ് പബ്ലിക് സ്കൂൾ-കോരുത്തോട് | 11 |

മേൽപറഞ്ഞ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-15 ഡി.&ഒ ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.**

2020-21 വർഷത്തെ ഡി.&ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രജിസ്റ്റർ പ്രകാരമുള്ള ക്രമ നമ്പർ | വാർഡ്/ കെട്ടിട നമ്പർ | സ്ഥാപന ഉടമ | റിമാർക്സ് |
|---|---|---|---|
| 4 | Ii/69c | കുഞ്ഞുമോൻ,ചെട്ടിമറ്റം | പണിയായുധ നിർമ്മാണം |
| | | | |

| | | | |
|---|---|---|---|
| 30 | Vii307 | പ്രസിഡന്റ് കാരുണ്യ സ്വയം സഹായ സംഘം | -- |
| 66 | Vii/272 | കുട്ടൻ.കെ.കെ | ചിക്കൻ സെന്റർ |
| 70 | Viii/220 | ജോഷി ജെയിംസ് | സ്റ്റേഷനറി |
| 78 | Viii/56 | ബിന്ദു റോയി | സ്റ്റിച്ചിംഗ് |

മേൽപറഞ്ഞ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുവാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ട് എൻക്വയറി നൽകിയിരുന്നുവെങ്കിലും (15/24.02.22) ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**<u>1-16 പ്രോ.നം 217/21ബി.പി.എൽ കുടുംബങ്ങൾക്ക് സോളാർ റാന്തൽ വിതരണം- ജി എസ് ടി, ടി.ഡി.എസ് കിഴിവ് ചെയ്യാത്തത്.</u>**

വികസനഫണ്ട് 409500/,ഗുണഭോക്തൃവിഹിതം 45500/ഉൾപ്പെടെ ആകെ 455000/രൂപ വകയിരുത്തിയ പ്രോജക്ട് പ്രകാരം അമ്മിണി സോളാർ പ്രൈവറ്റ് ലിമിറ്റഡ് 03-09-20 ലെ ഇൻവോയ്സ് CA0838 പ്രകാരം 427000/രൂപ വിലവരുന്ന122 റാന്തലുകൾ സപ്ളൈ ചെയ്തിട്ടുണ്ട്. 28-09-20ലെ ട്രഷറിബിൽ പ്രകാരം 384300/രൂപയും ഗുണഭോക്തൃവിഹിതം 42700/രൂപയുമുൾപ്പെടെ 427000/രൂപ സ്ഥാപനത്തിന് നല്കുകയും ചെയ്തു.

എന്നാൽ ബില്ലിൽ നിന്ന് 2% TDS കിഴിവ് വരുത്തിയിട്ടില്ല. സ്ഥാപനത്തിൽ നിന്ന് 2% GST, TDS ഈടാക്കി സർക്കാരിൽ അടച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**<u>1-17 പ്രവൃത്തികളുടെ പൂർത്തീകരണം/തുകകളുടെ വിനിയോഗവിവരം ലഭ്യമായില്ല. 1962193/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.</u>**

ചുവടെ ചേർക്കും പ്രകാരം വിവിധ പ്രവൃത്തികൾ നടപ്പാക്കുന്നതിനായി പ്രോജക്ടുകൾ പ്രകാരം വ്യത്യസ്ത സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഇല്ല.

| പ്രോജക്ട് | ചെലവ് തുക/ഫണ്ട് | തുക കൈപ്പറ്റിയ സ്ഥാപനം | ബിൽനം. |
|---|---|---|---|
| 267/21,വിവിധ വാർഡുകളിൽ ഇല.പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 32333/(തനത് ഫണ്ട്) | കെ.എസ്.ഇ.ബി,മുണ്ടക്കയം. | അക്കൗണ്ട് ട്രാൻസ്ഫർ. |
| 241/21,7ാം വാർഡിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ. | 555000/(ധന.കമ്മീഷൻ ഗ്രാന്റ്) | കേരള വാട്ടർ അതോറിട്ടി,കോട്ടയം | 67/24-03-21 |
| 179/21,കോസടി വനിതാവ്യവസായകേന്ദ്രം വൈദ്യുതീകരണം | 100000/(ധന.കമ്മീഷൻ ഗ്രാന്റ്) | പൊതുമരാമത്ത് വകുപ്പ്, കെട്ടിടവിഭാഗം | 05/13-05-20 |
| 19/21,ക്യാൻ കോട്ടയം ഫിറ്റ് കോട്ടയം | 100000/ (പൊതുവിഭാഗം വികസനഫണ്ട്) | ജില്ലാ പഞ്ചായത്ത് | 57/17-03-21 |
| 242/21,എ.ബി.സി | 157860/ | ജില്ലാമിഷൻ കോ | 26/16-11- |

| | | | |
|---|---|---|---|
| പ്രോഗ്രാം | (പൊതുവിഭാഗം വികസനഫണ്ട്) | ഓർഡിനേറ്റർ, എ.ബി.സി പ്രോഗ്രാം | 2020 |
| 79/21,വിവിധ വാർഡുകളിൽ കുഴൽകിണർ നിർമാണം | 617000/ (ധന.കമ്മീഷൻ ഗ്രാന്റ്) | ഭൂജലവകുപ്പ്. | 55/01-03-21 |
| 180/21,കോസടി വാട്ടർ സപ്ലൈ സ്കീം,6ാം വാർഡ് പൈപ്പ് ലൈൻ മാറ്റൽ | 400000/ (ധന.കമ്മീഷൻ ഗ്രാന്റ്) | കേരള വാട്ടർ അതോറിട്ടി,കോട്ടയം | 03/13-04-20 |
| ആകെ | 1962193 | | |

പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങളുടെ അഭാവത്തിൽ 1962193/രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**1-18 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം- 8/2020മുതൽ 51ടാപ്പുകൾക്ക് തുക ഒടുക്കുന്നത്.**

സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ 8/2020മുതൽ 51ടാപ്പുകൾക്കാണ് 22313/രൂപ വീതം പ്രതിമാസം തുക അടയ്ക്കുന്നത്. 7/2020വരെ 48ടാപ്പുകൾക്കായി 21000രൂപ വീതം അടച്ചുകൊണ്ടിരുന്നതാണ് ഇപ്രകാരം വർദ്ധിച്ചത്.വാട്ടർ അതോറിട്ടിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി ഉറപ്പാക്കിയതിന്റെ വിവരങ്ങൾ ഇല്ല.കൂടാതെ ഓരോമാസവും വാട്ടർ അതോറിട്ടിയിൽ നിന്ന് ലഭിക്കുന്ന ബില്ലിൽ കുടിശ്ശിക ഉൾപ്പെടെ ചേർത്താണ് വെള്ളക്കരം ഡിമാന്റ് ചെയ്തുവരുന്നതെങ്കിലും അതാതുമാസത്തെ തുക മാത്രമാണ് ഒടുക്ക് വരുത്തുന്നത്. വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കി ക്രമപ്പെടുത്തിയില്ലയെങ്കിൽ സർക്കാർ ഗ്രാന്റിൽ നിന്നുൾപ്പെടെ ക്രമീകരിക്കുന്നതിന് സാധ്യതയുണ്ട്. 4/22.02.2022 നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി 51 ടാപ്പുകൾ ഉപയോഗപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് തുക അടവാക്കാനും അറിയിച്ചു. കുടിശ്ശിക സംബന്ധിച്ചുമുള്ള കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ ഇടപെടേണ്ടതാണ്.

**1-19 വൈദ്യുതി ചാർജ് - സർചാർജ് അടയ്ക്കുന്ന സാഹചര്യം.**

വൗച്ചർനം.22000413/29-09-20 തുക 8587/, വൗച്ചർനം.22000585/19-11-20 തുക3384/ എന്നിവപ്രകാരം പഞ്ചായത്തോഫീസിന്റെ 21-07-20 മുതൽ 19-09-20 വരെയുള്ള കറന്റ് ചാർജ്(കൺസ്യൂമർ നം.1156381019324),ഹൈമാസ്റ്റ് ലൈറ്റിന്റെ കറന്റ് ചാർജ് എന്നിവ അടച്ചു. എന്നാൽ സർചാർജിനത്തിൽ പ്രസ്തുത ബില്ലുകൾ പ്രകാരം യഥാക്രമം 487/,214/രൂപവീതം അടയ്ക്കേണ്ടി വന്നിട്ടുണ്ട്. ഇപ്രകാരം സർചാർജ് അടയ്ക്കുന്നത് യഥാസമയം കറന്റ് ചാർജ് അടവാക്കാത്തതിനാലാണെന്ന് കാണുന്നു. പഞ്ചായത്ത് ഫണ്ടിന്റെ അനാവശ്യചെലവാണ് ഇത്. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി യുമായി ചർച്ചചെയ്ത് സ്വീകരിക്കാവുന്ന നടപടികൾ പഞ്ചായത്ത് കമ്മിറ്റി മുഖേന സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണക്കുറിപ്പിന് (10/22.02.2022) മറുപടി ലഭിച്ചില്ല.

**1-20 ഔദ്യോഗികവാഹനം-ലോഗ് ബുക്ക് സൂക്ഷിപ്പിൽ അപാകതകൾ.**

പഞ്ചായത്തിന്റെ ഔദ്യോഗികവാഹനം KL.34A 46210 ,3/2020 ൽ പണികൾക്കായി വർക്ക് ഷോപ്പിൽ കയറ്റുകയും പണികൾ പൂർത്തിയാക്കി 14-05-20 ൽ തിരികെ ലഭിക്കുകയും ചെയ്തു .ഇക്കാലയളവിൽ പഞ്ചായത്തിന്റെ ദൈനംദിനാവശ്യങ്ങൾക്കായി പ്രതിദിന വാഹന വാടകമാത്രം 800/രൂപനല്കി വാഹനം വാടകയ്ക്ക് എടുക്കുകയുണ്ടായി. എന്നാൽ പ്രസ്തുത വാഹനത്തിന്റെ ഉപയോഗവിവരങ്ങൾ 24-03-20 മുതൽ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്കിൽ ചേർത്തിരിക്കുന്നു.

ലോഗ് ബുക്കിൽ ഇപ്രകാരം സ്വകാര്യവാഹനത്തിന്റെ വിവരം ചേർത്തതിന്റെ അടിസ്ഥാനം വ്യക്തമല്ല.ഇതു സംബന്ധിച്ച വ്യക്തത തേടി അന്വേഷണക്കുറിപ്പ് (5/22.02.2022) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം,വാഹനവുമായി ബന്ധപ്പെട്ട രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് എന്നിവയിൽ കസ്റ്റോഡിയൻ ആയ സെക്രട്ടറിയുടെ നേരിട്ടുള്ള ശ്രദ്ധ ഉണ്ടാവേണ്ടതാണ്.

**1-21 ദുരിതാശ്വാസനിധി**

1994 -ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് പ്രകാരവും 2003 ലെ കേരളാ പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരമുള്ള ദുരിതാശ്വാസനിധി നാളിതുവരെ പഞ്ചായത്തിൽ രൂപീകരിച്ചിട്ടില്ല. പ്രകൃതിക്ഷോഭങ്ങൾ, മാരകരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിയ്ക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് ജീവിയ്ക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിരസഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തും ഒരു പ്രമേയം മൂലം പഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിയ്ക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാർത്ഥമുള്ള കലാ-കായിക വിനോദപരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ സംഘടനകൾ, സ്ഥാപനങ്ങൾ, എന്നിവയിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസനിധിയിലേക്ക് ധനം സ്വരൂപിയ്ക്കാവുന്നതാണ്. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിന് അടിയന്തിര നടപടികൾ ഭരണസമിതിയുടെ ഭാഗത്ത് നിന്ന് ഉണ്ടാവേണ്ടതാണ്.

**1-22 കോവിഡ് -19 പ്രതിരോധ നടപടികൾ.**

കോവിഡ് 19 പ്രതിരോധ നടപടികളിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായി തന്നെ ഇടപെട്ടതായാണ് ഇതു സംബന്ധിച്ച ചെലവുകൾ വ്യക്തമാക്കുന്നത്. ബ്രേക്ക് ദ ചെയിൻ നടപടികൾ,രോഗപ്രതിരോധത്തെപ്പറ്റി ജനാവബോധം വളർത്താൻ മൈക്ക് അനൗൺസ് മെന്റുകൾ,നോട്ടീസുകൾ, ലഘുലേഖകൾ ഉൾപ്പെടെയുള്ള പ്രചരണസാമഗ്രികൾ എന്നിവയ്ക്കൊക്കെ പണം ചെലവഴിച്ചിട്ടുണ്ട്. കൂടാതെ 2020മാർച്ച് 28മുതൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൺ 05-05-20 വരെ ബഹുജനപിന്തുണയോടെ പ്രവർത്തിപ്പിക്കുകയുണ്ടായി.സി.കെ.എം.എച്ച്.എസ്.എസ് വക ഹോസ്റ്റൽ കോവിഡ് കെയർ സെന്ററായി പ്രവർത്തിപ്പിക്കുന്നതിനും സാധിച്ചു.കണ്ടൈൻമെന്റ് സോണുകൾ വേർതിരിക്കുന്നതിന് പോലീസ് ആവശ്യപ്പെട്ടതനുസരിച്ച് ബാരിക്കേഡുകൾ തയാറാക്കി നല്കുകയുണ്ടായി .ഇപ്രകാരം കോവിഡ് അനുബന്ധചെലവുകൾക്കായി 116141/രൂപ തനതുഫണ്ട് ,വികസനഫണ്ട് ഇനങ്ങളിലായി പഞ്ചായത്ത് 2020-21 ൽ ചെലവഴിക്കുകയുണ്ടായി.പ്രസ്തുത തുകകളിൽ 52258/രൂപ ജില്ലാ ദുരന്തനിവാരണ അതോറിട്ടിയിൽ നിന്ന് പഞ്ചായത്തിന് ലഭിക്കുകയുണ്ടായി.

കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്.

**1-23 പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നു.**

ഗവ.വെൽഫെയർ എൽ പി എസ്. കുഴിമാവ്, ഹെഡ്മിസ്ട്രസ്സ് നിർവ്വഹണോദ്യോഗസ്ഥയായി 2020-21 ൽ നടപ്പാക്കിയ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം എന്ന പ്രോജക്ടിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട ചില വിദ്യാർത്ഥികൾ ആനുകൂല്യം കൈപ്പറ്റാൻ അർഹരല്ലാത്തതിനാൽ പഠനോപകരണങ്ങൾ നാളിതുവരെ പൂർണ്ണമായും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ആകെ പഠനോപകരണങ്ങൾ | പഠനോപകരണങ്ങൾ കൈപ്പറ്റാത്ത വിദ്യാർത്ഥികളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| 188/21, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം (സ്റ്റീൽ ഓവർ) മേശ, കസേര | 42 | 3 |
| 59/21 , പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം മേശ, കസേര | 28 | 2 |
| 58/21,പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം മേശ, കസേര | 40 | 3 |

അവശേഷിക്കുന്ന ഉപകരണങ്ങൾ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാൻ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11) മറുപടിയായി തുടർനടപടി സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ഉപകരണങ്ങൾ അർഹതപ്പെട്ട വിദ്യാർത്ഥികൾക്ക് വിതരണം ചെയ്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-24 ലൈഫ് പദ്ധതി -ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.**

കോരുത്തോട് ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രകാരം ഭവന നിർമ്മാണം ആരംഭിച്ച നിരവധി ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | വിഭാഗം | നാളിതുവരെ കൈപ്പറ്റിയ തുക | ആദ്യഗഡു അനുവദിച്ച തിയതി |
|---|---|---|---|
| തങ്കമ്മ -മൂന്നാംപറമ്പിൽ | എസ്.സി | 200000 | 18.07.18 |
| ഓമന സജി-വാലോലിക്കൽ | എസ്.സി | 350000 | 13.07.18 |
| സോമൻ-പുളിമൂട്ടിൽ | എസ്.സി | 350000 | 13.07.18 |
| സുജാത പ്രദീപ് | എസ്.സി | 350000 | 13.07.18 |
| അനിത പ്രകാശ് കുറ്റിപ്പുറത്ത് | എസ്.സി | 350000 | 24.02.20 |
| അമ്പിളി.കെ.കെ | എസ്.സി | 300000 | 10.03.20 |
| നാഗമ്മ-മണിക്കുഴിയിൽ | എസ്.സി | 300000 | 10.03.20 |
| നിത്യാമോൾ-പള്ളിക്കുന്നേൽ | എസ്.സി | 40000 | 19.03.20 |
| മായ സതീഷ് കുമാർ | എസ്.സി | 200000 | 19.03.20 |

| | | | |
|---|---|---|---|
| പൂതക്കുഴിയിൽ | | | |
| ആശാമോൾ അരയൻപാറ | എസ്.സി | 40000 | 19.02.21 |
| ശശികുമാർ-കരിയംപ്ലാവിൽ | എസ്.സി | 40000 | 19.02.21 |
| ലീലാമ്മ പുരുഷോത്തമൻ | ജനറൽ | 300000 | 16.07.18 |
| ലീലാമ്മ-നാവളത്തുംമപറമ്പിൽ | ജനറൽ | 39480 | 11.03.20 |
| രാജമ്മ മരളീധരൻപിള്ള തറയിൽ | ജനറൽ | 360000 | 12.03.20 |
| ഫസീല ഷെയ്ക്ക് പൂതുപ്പറമ്പിൽ | ജനറൽ | 260000 | 16.07.18 |
| ബേബി കുർക്കപ്ലാക്കൽ | ജനറൽ | 300000 | 22.02.19 |
| പുഷ്പമ്മ രാജീവ് മുക്രംകാട് | ജനറൽ | 360000 | 12.03.20 |
| പുഷ്പ.കെ.കെ വിളയിൽ | ജനറൽ | 300000 | 12.03.20 |

മേൽപരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കളിൽ പലരും 2018 -19 സാമ്പത്തിക വർഷം അഡ്വാൻസ് കൈപ്പറ്റുകയും ഭവനനിർമ്മാണം ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്.പൂർത്തിയാക്കുവാൻ അവശേഷിക്കുന്ന വീടുകളുടെ നിർമ്മാണം ആടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവനനിർമ്മാണം മുന്നോട്ടു കൊണ്ടുപോകുവാൻ സാധിക്കാത്ത ഗുണഭോക്കളിൽ നിന്നും നാളിതുവരെ കൈപ്പറ്റിയ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**<u>1-25 ടോയ് ലറ്റ് നിർമ്മാണം -നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല.</u>**

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 സാമ്പത്തിക വർഷം സ്പിൽ ഓവറായി നടപ്പിലാക്കിയ ടി പദ്ധതി നാളിതുവരെയും പൂർത്തിയാക്കിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 233/21 |
| അടങ്കൽ | തനത് ഫണ്ട്-27200<br>കേന്ദ്രഫണ്ട്-27600 |
| ചെലവ് | തനത് ഫണ്ട്-3400<br><u>കേന്ദ്രഫണ്ട്-126000</u><br>ആകെ = 129400 |

2019-20 സാമ്പത്തിക വർഷം തുടങ്ങിയ ടി പദ്ധതിയിൽ ആകെ 12 ഗുണഭോക്തളാണുണ്ടായിരുന്നത് .എന്നാൽ ടി ഗുണഭോക്താക്കളിൽ 3 പേർ നാളിതുവരെയും ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.ടി ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ് | കൈപ്പറ്റിയതുക | തിയതി |
|---|---|---|

| | | |
|---|---|---|
| തോമസ് തോമസ് ഇലവുങ്കൽ -മടുക്ക് | 75000 | 9.10.20 |
| മായ കരിമലക്കുന്നേൽ-മടുക്ക | 7500 | 05.11.20 |
| ആശാമോൾ അരയൻപാറ-പുഞ്ചവയൽ | 7500 | 05.11.20 |

ടി ഗുണഭോക്താക്കളുടെ ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ അനുവദിച്ച തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-26 നിസാര അപാകതകൾ ചൂണ്ടിക്കാണിച്ച് ടെണ്ടർ നിരസിച്ചു

മെയിന്റനൻസ് ഗ്രാന്റ് (റോഡ്) 4.25 ലക്ഷം വകയിരുത്തി 2020-21 ൽ ആസൂത്രണം ചെയ്തതാണ് പനക്കച്ചിറ-ക്കുപ്പ് റോഡ് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തി . നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഈ പ്രവൃത്തിക്ക് 07/2020 ൽ ടെണ്ടർ ക്ഷണിച്ചു. 2 ടെണ്ടറുകൾ ലഭിച്ചെങ്കിലും മതിയായ എണ്ണം ലഭിക്കാതിരുന്നതിനാൽ 08/ 2020 ൽ പുനർ ലേലം നടത്തുകയും ലഭിച്ച 2 ടെണ്ടറുകൾ ലഭിച്ചതിൽ കുറവ് രേഖപ്പെടുത്തിയ(3.9%) മോഹനൻ എൻ ജി യുടെ ടെണ്ടർ, ഷെഡ്യൂളിൽ 3.9% കൂടുതലും കുറവും രേഖപ്പെടുത്തി എന്ന കാരണത്താൽ നിരാകരിക്കുകയും പുനർലേലം നടത്തുകയും ചെയ്തു. പുനർ ലേലത്തിൽ 0.01 % കുറവിൽ മോഹനൻ എൻ ജി കരാർ എടുക്കുകയും ചെയ്തു.രണ്ടാമത് നടത്തിയ ടെണ്ടറിൽ കുറവ് രേഖപ്പെടുത്തിയ 3.9% കുറവ് നിരക്കിൽ ചെയ്യുന്നതിനുള്ള സന്നദ്ധത ആരാഞ്ഞ് അസിസ്റ്റന്റ് എഞ്ചിനീയർ രണ്ടാമത്തെ കരാറുകാരനായ ജോൺസൺ ഫിലിപ്പിന് 17-8-2020 ൽ കത്ത് നല്കിയിട്ടുണ്ട് .ഫാറം 2 ൽ 3.9 ശതമാനം കുറവ് എന്ന് വ്യക്തമായി ഉൾപ്പെടുത്തിയിട്ടുണ്ട്.നിസാരമായ അപാകതകൾ പറഞ്ഞ് ടെണ്ടർ നിരസിക്കരുതെന്ന് വകുപ്പുതല നിർദ്ദേശവും ഉള്ളതാണ്. ഈ സാഹചര്യത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥന് കുറവ് നിരക്കാണ് രേഖപ്പെടുത്തിയത് എന്ന് ബോധ്യമുണ്ടായിട്ടും ടെണ്ടർ ഫാറത്തിൽ 3.9% കുറവ് എന്ന് വ്യക്തമായി രേഖപ്പെടുത്തിയിട്ടും ടെണ്ടർ നിരസിച്ചതിലൂടെ 3.89% തുക പഞ്ചായത്തിന് നഷ്ടം വരുത്തി.വിശദവിവരം ചുവടെ ചേർക്കുന്നു.

| ചെലവഴിച്ച തുക | | കുറവ് ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ ചെലവാകുമായിരുന്ന തുക | |
|---|---|---|---|
| ആകെ വേലമൂല്യം | 346404 | ആകെ വേലമൂല്യം | 346404 |
| ടെണ്ടർ കുറവ് 0.01% | 35 | ടെണ്ടർ കുറവ് 3.9% | 13510 |
| ബാക്കി | 346369 | ബാക്കി | 332894 |
| 12% ജി എസ് റ്റി | 41564 | 12% ജി എസ് റ്റി | 39947 |
| ചെലവ് തുക | 387933 | ചെലവ് തുക | 372841 |

അനാവശ്യമായി ടെണ്ടർ നിരസിച്ചതിലൂടെ പഞ്ചായത്തിന് 15092 /- രൂപ അധികച്ചെലവ് ഉണ്ടായതിന് വിശദീകരണം ലഭ്യമാക്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/20.02.2022) മറുപടി നല്കിയില്ല. ഭരണസമിതി വിഷയം പ്രത്യേകമായി പരിശോധിക്കേണ്ടതും ടെണ്ടർ നടപടികൾ കാര്യക്ഷമവും പഞ്ചായത്തിന്റെ സാമ്പത്തിക താല്പര്യങ്ങൾ സംരക്ഷിക്കുന്നതാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-27 ബാരൽ വിലയും ജി എസ് ടി യും തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ്ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികളിൽ ബാരൽ വില (238+18% GST) കിഴിച്ചുള്ള തുകയാണ് കരാറുകാരന് നൽകിയിട്ടുള്ളത് . ബാരൽ വില സെക്രട്ടറിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട് .എന്നാൽ സർക്കുലർ

നം.59827/എഫ്എം/07/തസ്വഭവ/30.10.07 പ്രകാരം ബിറ്റുമിൻ വാങ്ങാൻ തുക ചെലവഴിച്ച ഫണ്ടിലേയ്ക്ക് തന്നെ ബാരൽ വില തിരിച്ചടവാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ ബാരൽ വില പൂർണ്ണമായും തനത് ഫണ്ടിലാണ് നിക്ഷേപിച്ചു വരുന്നത്. ബാരൽ വില ബന്ധപ്പെട്ട ഫണ്ടുകളിലേയ്ക്കും, ജി എസ് റ്റി സർക്കാരിലേക്കും അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-28 കോർപസ് ഫണ്ട് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നു**

പഞ്ചായത്ത് പ്രദേശമായ മാങ്ങാപ്പേട്ട, കൊമ്പുകുത്തി എന്നിവിടങ്ങളിൽ സംസ്കാരിക കേന്ദ്രം പണിയുന്നതിന് സംയോജിത പട്ടിക വർഗ്ഗ വികസന പ്രോജക്റ്റാഫീസിൽ നിന്നും 35.55 ലക്ഷം രൂപ ലഭിച്ചിരുന്നു. ഇതിൽ മാങ്ങാപ്പേട്ട സാംസ്കാരിക നിലയത്തിന് 14 ലക്ഷം ലഭിച്ചെങ്കിലും വസ്തു തർക്കത്തെ തുടർന്ന് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.കൊമ്പുകുത്തി സാംസാകാരിക നിലയത്തിന് ലഭിച്ച 21.55 ലക്ഷം രൂപയിൽ 1687421/- രൂപ കെട്ടിട നിർമ്മാണത്തിനും 322186/- രൂപ കെട്ടിട മെയിന്റനൻസിനും ചെലവഴിച്ചു. കൂടാതെ 127000/- രൂപ വൈദ്യുതീകരണത്തിനായും ചെലവഴിച്ചിട്ടുണ്ട് (ആകെ 2179607/- രൂപ). പലിശ ഇനത്തിൽ ലഭിച്ചതുക അടക്കം 31-3-21 ൽ അക്കൗണ്ട് ബാലൻസ് 2061342/- രൂപയാണ്.

കെട്ടിട നിർമ്മാണത്തിനാവശ്യമായ സ്ഥലം തർക്കരഹിതമായി ലഭിക്കാത്തതിനാൽ മാങ്ങാപ്പേട്ട സംസ്കാരിക കേന്ദ്രത്തിന് ലഭിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ല. സംയോജിത പട്ടിക വർഗ്ഗ വികസന പ്രോജക്റ്റാഫീസർ വിനയോഗവിവരം അറിയിക്കണമെന്നും അല്ലെങ്കിൽ തുക തിരിച്ചടക്കണമെന്നും 23/11/2019 ൽ C2178/14 കത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച തുക പ്രസ്തുത ആവശ്യത്തിന് ചെലവഴിക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമാനുസൃതമല്ല. അപാകതയിൽ വിശദീകരണം നല്കേണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(8/23.02.2022) മറുപടിയായി. തർക്ക പരിഹാരമുണ്ടായില്ലെങ്കിൽ ഫണ്ട് തിരികെ ഒടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. കെട്ടിട നിർമ്മാണം നടപ്പാക്കാൻ സാധിക്കുന്നില്ലാത്തപക്ഷം തുക നിശ്ചിത കണക്ക് ശീർഷകത്തിൽ തിരിച്ചടച്ച് വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-29 ഇ-ടെണ്ടർ -ടെണ്ടർ ഫീസ് പഞ്ചായത്തിന് ലഭിക്കുന്നില്ല**

പഞ്ചായത്തിൽ നാളിതു വരെ ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് വരവായിട്ടുള്ളത്. ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ തയ്യാറാക്കി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കുന്ന മുറക്ക് ഈ തുക പഞ്ചായത്തിന് കൈമാറുകയാണ് തുടർന്നു വരുന്ന രീതി. നാളിതുവരെ ഇ-ടെണ്ടർ ചെയ്ത പ്രവൃത്തികളിൽ നിന്നും ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ക്രോഡീകരിച്ച് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഭരണസമിതി വിഷയം പരിഗണിക്കേണ്ടതും ടെണ്ടർ ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുക കണക്കാക്കി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-21വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 25/06/2021-ലെ 1(1) നം. തീരുമാന പ്രകാരം അംഗീകരിച്ച് 25/6/2021 ൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായുംഹാജരാക്കിയിട്ടുണ്ട് ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 16/2/2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2021-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

2020-21 ൽ സംയുക്ത പ്രോജക്ടിനായി കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് പ്രോജക്ട് തിരിച്ച് ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, കാഞ്ഞിരപ്പള്ളി | 2020-21 | 37500 | സുഭിക്ഷകേരളം ഇടവിള കൃഷി 198/21 | 37500 | |
| | 2020-21 | 62500 | സുഭിക്ഷകേരളം തരിശ്ശ നില കൃഷി 199/21 | 62500 | |
| | 2020-21 | 250000 | പാലിയേറ്റിവ് കെയർ 67/21 | 250000 | |
| | 2020-21 | 600000 | ലൈഫ് ഭൂമി വാങ്ങൽ66/21 | 600000 | |
| | 2020-21 | 125000 | അനുപൂരകപോഷകാഹാരം47/21 | 125000 | 0 |
| | 2020-21 | 741644 | ലൈഫ് ഭവനം എസ് സി (പ്രോ നം 238/21) | 741644 | 0 |
| | 2020-21 | 52390 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്50/21 | 52390 | |
| | **ആകെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം** | | | **1869034** | **0** |
| കോട്ടയം ജില്ലാപഞ്ചായത്ത് | 2020-21 | 358356 | ലൈഫ് ഭവനം എസ് സി (പ്രോ നം 238/21) | 358356 | 0 |
| | 2020-21 | 175000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് 50/21 | 175000 | 0 |
| | 2020-21 | 302374 | മുണ്ടക്കയം ബ്ലോക്ക് റോഡ് പുനരുദ്ധാരണം 169/21 | 302374 | |

| | | | | |
|---|---|---|---|---|
| 2020-21 | 500000 | പനക്കച്ചിറ 504 കോളനി റോഡ് ടാറിംഗ് (216/21) | 500000 | |
| **ആകെ ജില്ലാ പഞ്ചായത്ത് വിഹിതം** | | | **1335730** | |

ബി 4 ഷെഡ്യൂൾ പ്രകാരം മുൻ വർഷങ്ങളിൽ വിവിധ ആവശ്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1149895 രൂപയും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 596276 രൂപയും ചെലവഴിക്കാതെ അവശേഷിക്കുന്നു. സർക്കാർ ധനസഹായം പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധമായതിനാൽ തുക നിശ്ചിത ആവശ്യങ്ങൾക്ക് ചെലവഴിക്കുകയോ സർക്കാരിലേക്ക് തിരിച്ചടക്കുകയോ ചെയ്യേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2020-21വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്(പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (267/21) | 32333 | | 32333 |
| പി ഡബ്ള്യൂ ഡി | വനിതാ വ്യവസായ കേന്ദ്രം വൈദ്യുതീകരണം (179/21) | 100000 | | 100000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | വിവിധ വാർഡുകളിൽ കുഴൽ കിണർ നിർമ്മാണം(79/21) | 617000 | 0 | 617000 |
| വാട്ടർ അതോറിറ്റി | കോസടി വാട്ടർ സപ്ളൈ സ്കീം പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ(180/21) | 400000 | | 400000 |
| വാട്ടർ അതോറിറ്റി | ഏഴാം വാർഡിൽ കുടിവെള്ള പൈപ്പ് സ്ഥാപിക്കൽ 241/21 | 555000 | | 555000 |
| ആകെ | | 1704333 | | 1704333 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ എടുത്തതിന്റെയും തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ

അവശേഷിക്കുന്ന വായ്പ തുകയുടെയും വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി കെ.യു.ആർ.ഡി.എഫ്.സി. യിൽ നിന്നും അനുവദിച്ച ലോൺ | -- | 16020533 | 1060000 | 1682393 | | 15398140 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈ ഇനത്തിൽ തൻ വർഷം വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 77374090.23 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61657831 |
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (സർചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1962193 |

### (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

### ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 32333 | ശ്രീ.എം എൻ വിജയൻ, സെക്രട്ടറി |
| | 555000 | ശ്രീമതി എം റുബീന, സെക്രട്ടറി |
| | 100000 | ശ്രീ.എം എൻ വിജയൻ, സെക്രട്ടറി |
| | 100000 | ശ്രീമതി എം റുബീന, സെക്രട്ടറി |
| | 157860 | ശ്രീമതി എം റുബീന, സെക്രട്ടറി |
| | 617000 | ശ്രീമതി എം റുബീന, സെക്രട്ടറി |
| | 400000 | ശ്രീ.എം എൻ വിജയൻ, സെക്രട്ടറി |
| **ആകെ** | **1962193** | |

വിനിയോഗ വിവരം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>**

ഇല്ല

## <u>4-11 തീർപ്പാക്കാനവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | എൽ.എഫ്.കെ.പി9-53/08/10.11.2008 | 4 |
| 2009-10, 2010-11 | കെ.എസ്.എ.-കെ.ടി.എം.പി11/ അദാ-2018/203(4)/18/28.02.2018 | 11 |
| 2011-12, 2012-13 | കെ.എസ്.എ.-കെ.ടി.എം.പി11/ അദാ-2018/203(5)/18/28.02.2018 | 17 |
| 2013-14, 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13-1396/16/30.05.2017 | 10 |
| 2015-16 | കെ.എസ്.എ.കെ.ടി.എം.പി13-1841/16/04.07.2017 | 13 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി11-1068/18/26.10.2018 | 13 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി11-859/19/26.9.19/4.10.19 | |
| | | |

| | | | |
|---|---|---|---|
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി11-28/20/25.02.2020 | 15 | |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്